LIBRARY ARCHIVES Kerala Legislative Assembly

വിൽപ്പന നികുതിയിനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക

17 [1986] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിൽപ്പന നികുതി ഇനത്തിൽ ഓരോ വർഷവും എത്ര തുകയാണ് പിരിഞ്ഞുകിട്ടാനുള്ളത്;

(ബി) അഞ്ചു ലക്ഷം രൂപയ്ക്ക് മുകളിൽ തുക സർക്കാരിന് നൽകാനുള്ള സ്ഥാപനങ്ങളുടേയും വ്യക്തികളുടേയും പേര് വെളിപ്പെടുത്താമോ?

ഉത്തരം

(എ ആന്റ് ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

വിൽപ്പന നികുതി വകുപ്പിലെ ഇന്റലിജൻസ് വിഭാഗത്തിന്റെ ഘടനയും ലക്ഷ്യവും

18 [1987] ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
ഡോ. തോമസ് ഐസക്:
ശ്രീ. എ. കെ. ബാലൻ:
,, എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിൽപ്പന നികുതി വകുപ്പിലെ ഇന്റലിജൻസ് വിഭാഗത്തിന്റെ ഘടനയും ലക്ഷ്യവും വെളിപ്പെടുത്തുമോ;

(ബി) നികുതി വെട്ടിപ്പ് കണ്ടുപിടിക്കുകയും തടയുകയും ചെയ്യുന്നതിനു വേണ്ടി കട പരിശോധനയും വാഹന പരിശോധനയും പ്രസ്തുത ഇന്റലിജൻസ് വിഭാഗം നടത്താറുണ്ടോ;

(സി) എങ്കിൽ കട പരിശോധനയുടേയും വാഹന പരിശോധനയുടേയും ഫലമായി എത്ര നികുതി വെട്ടിപ്പ് കേസുകൾ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ കണ്ടുപിടിക്കപ്പെട്ടിട്ടുണ്ടെന്ന് അറിയിക്കാമോ;

(ഡി) ഇന്റലിജൻസ് വിഭാഗത്തിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ കാലയളവിൽ നികുതി വെട്ടിപ്പ് സംബന്ധിച്ച് എത്ര കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ഇ) വകുപ്പുതല അന്വേഷണം പൂർത്തിയാക്കി എത്ര ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

(എ) വാണിജ്യ നികുതി കമ്മീഷണറുടെ മേൽനോട്ടത്തിൽ ഒരു ജോയിന്റ് കമ്മീഷണറും (എൻഫോഴ്സ്മെന്റ്), അദ്ദേഹത്തിന്റെ കീഴിൽ തിരുവനന്തപുരം, കോട്ടയം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലായി ഓരോ ഡെപ്യൂട്ടി കമ്മീഷണർമാരും (ഇന്റലിജൻസ്) ഉണ്ട്. ഇവരുടെ കീഴിൽ വിവിധ മേഖലകളിലായി 10 ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് കമ്മീഷണർ (ഇന്റലിജൻസ്)-മാരും, ഇൻവെസ്റ്റിഗേഷൻ പ്രവർത്തനങ്ങൾക്കായി തിരുവനന്തപുരം, എറണാകുളം, പാലക്കാട്, കോഴിക്കോട് എന്നിവിടങ്ങളിലായി നാല് ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് കമ്മീണർ (ഇൻവെസ്റ്റിഗേഷൻ)-മാരും ഉണ്ട്. കൂടാതെ വാണിജ്യ നികുതി കമ്മീഷണറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് കമ്മീഷണർ (കോമേഴ്സ്യൽ) വിഭാഗവും ഓരോ ജില്ലയിലും ഇന്റലിജൻസ് ഓഫീസർമാരും അവരുടെ നേതൃത്വത്തിൽ ഇന്റലിജൻസ് സ്കാഡുകളും ഇൻവെസ്റ്റിഗേഷൻ വിംഗുകളും കോമേഴ്സ്യൽ ഇൻവെസ്റ്റിഗേഷൻ വിംഗുകളും പ്രവർത്തിക്കുന്നു.

നികുതി വെട്ടിപ്പ് കണ്ടുപിടിക്കുകയും, തടയുകയും ചെയ്യുന്നതിനുവേണ്ടി കടപരിശോധന, വാഹന പരിശോധന, അന്യസംസ്ഥാനങ്ങളിൽ നിന്നും, അന്യ വകുപ്പുകളിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും വിവരങ്ങൾ ശേഖരിച്ച് നിയമപ്രകാരമുള്ള തുടർ നടപടികൾ എടുക്കുക, ചെക്ക്പോസ്റ്റുകളിലെ അനധികൃത നടപടികളെ നിയന്ത്രിക്കുക, നികുതി വെട്ടിപ്പ് തടയുക എന്നിവയും ചെയ്യുന്നു. കൂടാതെ റെയിൽവേ, പാഴ്സൽ ഏജൻസികൾ, വിമാനം, കപ്പൽ എന്നിവ വഴി കൊണ്ടുവരുന്ന സാധനങ്ങളുടെ വിവരങ്ങൾ ശേഖരിക്കുകയും കണക്കിൽപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കുകയും ചെയ്യുന്നുണ്ട്. ഇതിനു പുറമേ ചെക്ക്പോസ്റ്റുകൾ ടേക്ക് ഓവർ നടത്തി നികുതി വെട്ടിപ്പ് തടയാൻ ശ്രമിക്കുകയും ചെയ്യുന്നുണ്ട്.

(ബി) ഉണ്ട്.

(സി) 34,969 കേസുകൾ കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്.

(ഡി) 29,227 കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഇ) കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ 69 ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ എടുത്തിട്ടുണ്ട്. ഇതിൽ 53 കേസുകളിൽ ശിക്ഷണ നടപടി പൂർത്തീകരിക്കുകയും 17 ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly